# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1704 01/11/2019-ൽ മറുപടിക്ക്

## തദ്ദേശഭരണസ്ഥാപനങ്ങളിലെ പദ്ധതിപ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| **(ശ്രീ. ജോർജ് എം. തോമസ്)** | | **എ.സി. മൊയ്തീൻ** (ബഹു. തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി ) |
| (എ) തദ്ദേശഭരണസ്ഥാപനങ്ങളിലെ പദ്ധതിപ്രവർത്തനങ്ങൾക്ക് ആവശ്യമായ എഞ്ചിനീയർമാരില്ലാത്തതിനാൽ തടസ്സം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) എങ്കിൽ ഈ തസ്തികയിലേക്ക് പി.എസ്.സി നിയമനം നടക്കുന്നതുവരെ ഈ വിഷയം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;<br>(സി) എഞ്ചിനീയർമാരുടെ അഭാവം പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) & (സി) | കേരള പി.എസ്.സി. മുഖേന അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നിയമനം നടത്തുന്നുണ്ട്. കേരള പി.എസ്.സി. സംവരണ വിഭാഗക്കാർക്കായി മാറ്റിവയ്ക്കുന്ന തസ്തികകളിൽ എൻ.എ.സി (നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ്) ലഭ്യമാക്കുന്ന മുറയ്ക്ക് അതേ കാറ്റഗറിയിലുള്ള ഉദ്യോഗാർത്ഥികളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുന്നുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ മുതൽ മുകളിലേക്കുള്ള തസ്തികകളിൽ നിലവിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ പ്രമോഷൻ മുഖേന സത്വരമായി നികത്തുന്നതിനായി അഡ് ഹോക് ഡി.പി.സി. കൂടുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ